**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4049 12.12.2018- ൽ മറുപടിയ്ക്ക്

# ആശ്വാസകിരണം പദ്ധതി

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ നേരിടുന്നതുമൂലം ശയ്യാവലംബരായ രോഗികളെ സഹായിക്കുന്നവർക്കായി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷ സ്വീകരിക്കുന്നതും അർഹരായവരെ കണ്ടെത്തുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ തയ്യാറാവുമോ? | (ബി) | ആശ്വാസകിരണം പദ്ധതി ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശിപാർശ സഹിതം ലഭ്യമാകുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചു വരുന്നു. ആശ്വാസകിരണം പദ്ധതി അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടെ കൂടുതൽ വേഗത്തിൽ ധനസഹായം ലഭ്യമാക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**